**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **09-06-2021 - ൽ മറുപടിയ്ക്ക്**

**കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനവൽക്കരണം നടപ്പിലാക്കുവാനായി കേന്ദ്ര കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് പ്ലാനിംഗ് അതോറിറ്റി സംസ്ഥാന സർക്കാരിന് 2020-21 കാലഘട്ടത്തിൽ തുക അനുവദിച്ചിട്ടുണ്ടോ; | (എ) | അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലെ അംഗീകൃത ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷൻസ് പ്രകാരം പരിഹാരവനവൽക്കരണം, വന സംരക്ഷണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 15.78 കോടി രൂപയാണ്അനുവദിച്ചിട്ടുള്ളത് |
| (ബി) | കേരളത്തേക്കാൾ ചെറിയ സംസ്ഥാനങ്ങളായ ത്രിപുര, മിസോറാം, മണിപ്പൂർ, സിക്കിം എന്നീ സംസ്ഥാനങ്ങൾക്ക് നൽകിയതിനെക്കാൾ കുറഞ്ഞ വിഹിതമാണോ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ? | (ബി) | 1980 ലെ വന സംരക്ഷണ നിയമം അനുശാസിക്കും പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്കായി അനുവദിച്ചുനൽകുമ്പോൾ, യൂസർ ഏജൻസിയിൽ നിന്ന് പരിഹാര വനവൽക്കരണം, എന്നിവയ്ക്കായി ഈടാക്കുന്ന തുകയാണ് നാഷണൽ ക്യാമ്പ സംസ്ഥാനങ്ങൾക്ക് അനുവദിച്ച് നൽകുന്നത്. സംസ്ഥാനങ്ങളുടെ വലുപ്പ ചെറുപ്പമോ മറ്റുമാനദണ്ഡങ്ങളോ അടിസ്ഥാനമാക്കിയല്ല കേന്ദ്ര സർക്കാർ ടി തുക നൽകുന്നത്. ഇത്തരത്തിൽ നാഷണൽ ക്യാമ്പ 29.08.2019 ലെ F.No.11-100/2015-FC നമ്പർ കത്ത് മുഖേന കേരള സംസ്ഥാനത്തിനായി 81.59 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്.കേരളത്തിന് ലഭിക്കേണ്ടതായ തുക തന്നെയാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ